(ബി) റഡാർ, ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം), ഫയർ അലാറം സിസ്റ്റം, സെർച്ച് ലൈറ്റ്, ഇക്കോ സൗണ്ടർ, മൾട്ടി ഫംഗ്ഷൻ യൂണിറ്റ് മുതലായ അത്യാധുനിക സംവിധാനങ്ങളാണ് ഹൈസ്പീഡ് ബോട്ടുകളിൽ ഉള്ളത്.

(സി) 12 നോട്ടിക്കൽ മൈൽ

(ഡി) തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട് കടലിൽ റോന്ത് ചുറ്റുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ആദ്യഘട്ടത്തിൽ 24 ഇന്റർസെപ്റ്റർ ബോട്ടുകൾ അനുവദിച്ചു. ഇതിൽ 15 ബോട്ടുകൾ ഗോവൻ ഷിപ്പ് യാർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി ബോട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് റോന്ത് ചുറ്റുന്നതിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകളും അതിന് ആനുപാതികമായി 30 ഇന്റർസെപ്റ്റർ ബോട്ടുകളും അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ദീർഘകാല തടവുശിക്ഷ അനുഭവിക്കുന്നവർക്ക് പരോൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

45 (4653) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാല തടവുശിക്ഷ അനുഭവിക്കുന്നവർക്ക് പരോൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ;

(ബി) രണ്ടു വർഷത്തിലേറെക്കാലം തടവുശിക്ഷ അനുഭവിച്ചു കഴിഞ്ഞവരിൽ ഒരിക്കൽപ്പോലും പരോൾ ലഭിക്കാത്തവരുണ്ടോ ; എങ്കിൽ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ആളുകൾക്ക് പരോൾ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പരോൾ അനുവദിച്ച് പുറത്തിറങ്ങിയവരിൽ തിരികെ എത്താത്ത എത്ര പേരുണ്ട് ; അതിൽ അഞ്ചുകൊല്ലത്തിൽ ഏറെയായവരുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) നല്ല നടപ്പുള്ള ദീർഘകാല ശിക്ഷാതടവുകാർക്ക് ശിക്ഷയുടെ മൂന്നിൽ ഒന്നോ അല്ലെങ്കിൽ രണ്ടു വർഷമോ ഏതാണോ കുറവ് ശിക്ഷ പൂർത്തിയാക്കിയവർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും ജില്ലാ പ്രൊബേഷൻ ഓഫീസറുടേയും ശുപാർശ/റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1958-ലെ കേരള ചട്ടം 453 പ്രകാരം 30 ദിവസത്തെ സാധാരണ അവധി അനുവദിക്കുന്നു.

1132/13

LIBRARY ARCHIVES Kerala Legislative Assembly

തടവുകാരന്റെ അച്ഛൻ, അമ്മ, പുത്രൻ, പുത്രി, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, ചെറുമകൾ, ചെറുമകൻ, അപ്പൂപ്പൻ, അമ്മൂമ്മ, അമ്മായിയച്ഛൻ, അമ്മായിഅമ്മ, അമ്മയുടെ സഹോദരൻ ഇവരുടെ മരണം, അത്യാസന്ന നിലയിലുള്ള രോഗം, പുത്രൻ, പുത്രി, സഹോദരി, സഹോദരൻ, ചെറുമകൻ, ചെറുമകൾ, ഭാര്യാസഹോദരൻ, ഭർതൃസഹോദരി, സഹോദരൻ/ സഹോദരിയുടെ പുത്രൻ/പുത്രി എന്നിവരുടെ വിവാഹം, വാസഗൃഹത്തിന്റെ പൂർണ്ണമായോ ഭാഗികമായോ ഉള്ള നാശം, പ്രൊബേഷണറി ഓഫീസർ ശുപാർശ ചെയ്യുന്ന അസാധാരണമായ മറ്റു കാരണങ്ങൾ തുടങ്ങിയ അടിയന്തര സാഹചര്യം പരിഗണിച്ച് കേരള ജയിൽ ചട്ടം 454 പ്രകാരം ബന്ധപ്പെട്ട അധികാരികളുടെ സർട്ടിഫിക്കറ്റിന്റെയും പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധി അനുവദിക്കുന്നു.

ഇതിനുപുറമേ തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷാ കാലാവധി പൂർത്തീകരിച്ച തടവുകാർക്ക് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജയിൽ ചട്ടങ്ങൾ 466(A) വകുപ്പുപ്രകാരം വർഷത്തിലൊരിക്കൽ 15 ദിവസത്തെ ഹോം ലീവ് അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്. 414 പേർ.

(സി) അനുകൂലമായ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾ ലഭിക്കാത്തതുകൊണ്ടാണ് പരോൾ അനുവദിക്കാത്തത്.

(ഡി) പരോൾ അനുവദിച്ച് പുറത്തിറങ്ങിയവരിൽ തിരികെ എത്താത്തവർ 73 പേർ ഉണ്ട്. അതിൽ 63 പേർ അഞ്ചുകൊല്ലത്തിന് ഏറെയായവരാണ്.

പരോളിലിറങ്ങിയശേഷം തിരിച്ചുവരാത്തവർ

46 (4655) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് പരോളിനിറങ്ങിയശേഷം നാളിതുവരെ തിരിച്ചുവരാത്തവരുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജയിലുകളിൽ നിന്ന് ആരൊക്കെയാണ് ഇപ്രകാരം തിരികെ വരാത്തത് എന്നുള്ള വിവരം വ്യക്തമാക്കുമോ ;

(സി) ഇതിൽ ഓരോരുത്തരേയും കാണാതായിട്ട് എത്ര കാലമായി എന്നും അറിയിക്കുമോ ;

(ഡി) ഇവരെ പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly